# "ലിറ്റിൽ കൈറ്റ്സ് 2018-19"

# മഞ്ജരി

**ഉള്ളടക്കം**

പ്രകൃതിയോട്.....4
സ്നേഹസ്പർശങ്ങൾ.....5
കുട്ടിയും തള്ളയും.....6
കുമാരനാശാൻ.....6
മിന്നാമിനുങ്ങ്.....8
കുമാരനാശാൻ.....8
നോവറിഞ്ഞ മണ്ണ്.....11
സ്നേഹത്തിൻെറ തിരമാലകൾ.....12
സിദ്ധാർത്ഥ.....13

# പ്രകൃതിയോട്...

പ്രഭാതത്തിൽ പാതിവിടരുന്ന പുഷ്പവും
മയക്കത്തിൻ ലഹരിയിൽ നിന്ന് നമ്മെ
ഉണർത്തുന്ന കിളിക്കൊഞ്ചലും,
പല കൂട്ടമായി പറക്കുന്ന പക്ഷികളും,
തൻ ചിറകിൻ വർണ്ണങ്ങൾ വിടർത്തുന്ന
ചിത്രശലഭങ്ങളും
ചാഞ്ചാടി നിൽക്കുന്ന വൃക്ഷത്തലപ്പും,
പുഞ്ചിരി തൂകി ചാഞ്ചാടിക്കളിക്കുന്ന ചെടികളും,
അണയാതെ നിൽക്കുന്ന സൂര്യനും,
സൂര്യകിരണങ്ങളാൽ വാടിനിൽക്കുന്ന ചെറുചെടികളും,
വെള്ളിനൂലിൻ കവചമണിയുന്ന ജലധാരയും,
പൊന്നിൻ കസവിൽ നീരാടുന്ന വെള്ളിക്കിണ്ണവും,
രാവിൽ, കൂടുതേടിപ്പറക്കുന്ന പക്ഷികളും,
എല്ലാം നിൻ മായക്കാഴ്ചയല്ലേ ?
ഇതെല്ലാം നിൻ കാരുണ്യമല്ലേ ?
പറയുക നീ........... പറയുക നീ....

ആരതി.പി ആർ
9D

# സ്നേഹസ്പർശങ്ങൾ

സ്നേഹം എന്താണിതിനർത്ഥം
ഞാൻ തിരഞ്ഞുനടന്നു
കുടുംബത്തിൽ സമൂഹത്തിൽ പലയിടത്തും
കണ്ടെത്താനായില്ലെനിക്ക്
ഓരോ സ്നേഹത്തിനും സ്വാർത്ഥതയുടെ പരിവേഷം
ഒടുവിൽ എനിക്ക് തിരിച്ചറിയാൻ കഴിഞ്ഞു
മൃതുവിൻ മുമ്പിലാണ് യഥാർത്ഥ സ്നേഹം
ദുരന്ത മുൻപിൽ കൈനീട്ടുന്ന കൈകളിൽ
ഇട്ടുകൊടുക്കുന്ന പൊതിച്ചോറിൽ
നഗ്നത മറയ്ക്കുന്ന വസ്ത്രത്തിൽ
ഇവിടെയൊക്കെ കണ്ടു
കൈ മെയ് മറക്കുന്ന സ്നേഹം
ഒന്നും പ്രതീക്ഷിക്കാത്ത ആരെന്നോ എന്തെന്നോ
അറിയാത്ത സ്നേഹം

ജിൻഷ .കെ.വി
8 D

# കുട്ടിയും തള്ളയും

**കുമാരനാശാൻ**




പൂക്കുന്നിതാ മുല്ല, പൂക്കുന്നിലഞ്ഞി,
പൂക്കുന്നു തേന്മാവു, പൂക്കുന്നശോകം;
വായ്ക്കുന്നു വേലിക്കു വർണ്ണങ്ങൾ, പൂവാൽ
ചോക്കുന്നു കാടന്തിമേഘങ്ങൾപോലെ.

എല്ലാടവും പുഷ്പഗന്ധം പരത്തി
മെല്ലെന്നു തെക്കുന്നു വീശുന്നു വായു;
ഉല്ലാസമീ നീണ്ട കൂകൂരവത്താ-
ലെല്ലാർക്കുമേകുന്നിതേ കോകിലങ്ങൾ.

കാണുന്നിതാ രാവിലേ പൂവു തേടി
ക്ഷീണത്വമോരാത്ത തേനീച്ച കാട്ടിൽ
പോണേറെയുത്സാഹമുൾക്കൊണ്ടിവയ്ക്കെ-
ന്തോണം വെളുക്കുന്നുഷസ്സായിതെല്ലാം?

പാടങ്ങൾ പൊന്നിൻനിറംപൂണ്ടു, നീളെ-
പ്പാടിപ്പറന്നെത്തിയീത്തത്തയെല്ലാം

കേടറ്റ നെല്ലിൻ കതിർക്കാമ്പുകൊത്തി-

ക്കൂടാർന്ന ദിക്കോർത്തു പോകുന്നു വാനിൽ.

ചന്തം ധരയ്ക്കേറെയായ് ശീതവും പോ,-

യന്തിക്കു പൂങ്കാവിലാളേറെയായി;

സന്തോഷമേറുന്നു, ദേവാലയത്തിൽ

പൊന്തുന്നു വാദ്യങ്ങൾ—വന്നൂ വസന്തം!

നാകത്തിൽനിന്നോമനേ, നിന്നെ വിട്ടീ

ലോകത്തിനാനന്ദമേകുന്നിതീശൻ

ഈ കൊല്ലമീ നിന്റെ പാദം തൊഴാം ഞാൻ

പോകൊല്ല പോകൊല്ല പൂക്കാലമേ നീ!

ചിന്തിച്ചിളങ്കാറ്റുതൻ നിസ്വനത്താ-

ലെന്തോന്നുരയ്ക്കുന്നു നീ?—ഞാനറിഞ്ഞു,

"എന്താതനാം ദേവനോതുന്നതേ ഞാ-

നെന്താകിലും ചെയ്യു"വെന്നല്ലയല്ലീ?

# *മിന്നാമിനുങ്ങ്*

## കുമാരനാശാൻ




ഇതെന്തൊരാനന്ദമിതെന്തു കൗതുകം!
സ്വതന്ത്രമായ് സുന്ദരമിപ്രഭാകണം
ഇതാ പറന്നെത്തിയടുത്തു ഹാ! പറ-
ന്നിതാ തൊട്ടുമ്മുമ്പിതു വിണ്ണിലായിതേ!

ഉടൻ മടങ്ങുന്നിത, പൂത്തിരുട്ടിലായ്-
ക്കിടന്ന വേലിച്ചെടിതന്റെ തുമ്പിതിൽ;
ചുടുന്നതില്ലിച്ചെറുതീയതൊന്നുമേ!
കെടുന്നുമില്ലീ മഴയത്തുപോലുമേ!

ഇരിക്കൊലാ പൊങ്ങുക, വിണ്ണിലോമനേ,
ചരിക്ക നീ മിന്നിമിനുങ്ങിയങ്ങനെ,
വരിഷ്ഠമാം തങ്കമുരച്ച രേഖപോ-
ലിരുട്ടു കീറുന്നൊരു വജ്രസൂചിപോൽ.

സ്ഫുരിക്കുമീ നിന്നുടലിൻ പദാർത്ഥമെ-
ന്തുരയ്ക്കു, മിന്നൽപ്പിണരിൻ സ്ഫുലിംഗമോ?
വിരഞ്ഞുപോം താരഗണങ്ങൾ തമ്മിലാ-
ഞ്ഞുരഞ്ഞുപാറും പൊടിയോ, നിലാവതോ?

പുളച്ചിടുന്നെന്മനതാരഹോ! വെറും
വെളിച്ചമേ, വാ കിളിവാതിലൂടെ നീ,
വിളിച്ചുകേളാത്തവിധം ഗമിക്കിലാ-
മൊളിച്ചിടാൻ കള്ള, നിനക്കു വയ്യെടോ!

പിലാവിലും തെങ്ങിലുമക്കവുങ്ങിലും
വിലോലമായ് മാവിലുമങ്ങുമിങ്ങുമേ
വിലങ്ങിടും നീ പ്രകൃതിക്ക ചാർത്തുവാൻ
നിലാവു പൂമ്പട്ടിനു പാവു നെയ്കയോ?

മിനുങ്ങി നീ ചെന്നിട്ടു, മാറണയ്ക്കുവാൻ
കനിഞ്ഞിതാ കൈത്തളിരാർന്ന ഭ്രുരുഹം
അനങ്ങിടാതങ്ങനെ നിൽപ്പി,താർക്കുമേ
മനം കൊതിക്കും മൃദുവെത്തൊടാനെടോ!

അതാ വിളങ്ങുന്നു ഭവദ്ഗണങ്ങളാൽ
സ്വതേ ചുഴന്നിപ്പനിനീർമലർച്ചെടി;
അതിന്നൊടൊക്കില്ലൊരു ചക്രവർത്തിത-
ന്നതിപ്രകാശം കലരും കിരീടവും.

പരന്ന വൻശാഖകൾ മേലിവറ്റയാർ-
ന്നിരുട്ടിൽ മിന്നുന്ന മരങ്ങളാകവേ;
നിരന്ന നക്ഷത്രഗണങ്ങൾ കീഴുമാ-
ർന്നിരട്ടയായ് തീർന്നൊരു വിണ്ണുപോലവേ.

വിളങ്ങിയും മങ്ങിയുമൊന്നിതാ വരു-
ന്നിളങ്കതിർത്തുവൊളിയാർന്നു പൊങ്ങിയും
തളർന്നുവീണും—ചെറുതാരമൂഴിതാൻ
വളർപ്പതാമിങ്ങിതു—തള്ള വാനിലാം.

മുറിക്കകത്തായിതു! ഹാ! പ്രകാശമേ,
കരത്തിൽ വാ, കേറുക പുസ്തകങ്ങളിൽ,
ഉറക്കറയ്ക്കുള്ള കെടാവിളക്കുപോ-

ലിരിക്ക വന്നീയണിമേശമേലുമേ.

കനക്കമുത്സാഹമൊടങ്ങുമിങ്ങും
തനിക്ക തോന്നുമ്പടിതന്നെയെങ്ങും
മിനുങ്ങിമങ്ങും ചൊടിയാർന്ന മിന്നാ-
മിനുങ്ങുമുൾപ്പൂവുമുടപ്പിറപ്പോ?

# നോവറിഞ്ഞ മണ്ണ്

നാം അറിയാതെ പോയ
പൊൻതരികളാണ്
എന്റെ മണ്ണ്

അവഗണനയും മറ്റു ചൂഷണവും
നിന്നെ നോവിച്ചത് ആരും
അറിഞ്ഞില്ലല്ലോ

എന്റെ ജീവിതം നിന്റെ
മടിത്തട്ടിലല്ലേ
എന്റെ നിലനിൽപ്പോ നിന്റെ
കനിവിലല്ലേ
നിന്റെ മടിത്തട്ടാണ് എന്റെ സ്വർഗം
നിന്റെ കനിവാണ് എന്റെ സൗഭാഗ്യം

എന്തുകൊണ്ടാണ് നിൻ മഹത്വം
ആരും അറിയാൻ ശ്രമിക്കാത്തത്

സിൽന.വി
9 D

# സ്നേഹത്തിൻെറ തിരമാലകൾ

സ്നേഹമെന്നതിനർത്ഥം അത്രു വാനോലമല്ലയോ
അമ്മഗർഭം ധരിച്ചതുമുതൽ പെരുവിൽ
കുട്ടിക്കെട്ടും വരെ മഴയത്തും വെയിലത്തും
മായാത്തൊരു മഞ്ഞുത്തുള്ളിയായ് മാറുന്നു.
മാതൃസ്നേഹത്തേക്കാൾ മഹത്വമുള്ളതെന്താണ്
അമ്മതൻ മാതൃസ്പന്ദനമില്ലെൻകിൽ
ജീവിതം ചേതനാ ശ്ശൂന്യമല്ലോ
ജീവിതം സ്വർഗീയസമാനമാകണേൽ
സ്നേഹം മനസിലുദിക്കവേണം
സ്നേഹമാകുന്ന തിരമാല എന്നുമേ-
ശാന്തമായി തീരുകയില്ല സത്യം

ശ്രേയ ശ്രീധരൻ
8 ഇ

# സിദ്ധാർത്ഥ

ഞാൻ പരിചയപ്പെട്ട നോവലാണ് ഹെർമ്മൻഹെസ്സെയുടെ സിദ്ധാർത്ഥ. ഗൗതമന്റെ ജീവിതം ലോകസാഹിത്യത്തിലേക്ക് പ്രവേശിച്ചതിന്റെഎക്കാലത്തെയും മികവുറ്റ മാതൃകയാണ് ഹെർമ്മൻഹെസ്സെയുടെ സിദ്ധാർത്ഥ എന്ന നോവൽ. ഗൗതമബുദ്ധന്റെ ജീവിതം അപ്പാടെ സ്വീകരിക്കുകയല്ലഹെസ്സ ചെയ്യുന്നത് മറിച്ച് പൊള്ളിക്കുന്ന ആത്മീയഅനുഭവങ്ങളെ സിദ്ധാർത്ഥൻ എന്ന രൂപത്തിലൂടെ അവതരിപ്പിക്കുകയാണ് ഇതിൽ സിദ്ധാർത്ഥൻ ബ്രാഹ്മണൻ സ്വന്തം ജീവിതലക്ഷ്യം തേടി നടക്കുകയാണ്.ആദ്യം ഒരു താപസനായി അതിനിടയിൽ അദ്ദേഹം ബുദ്ധനെ കണ്ടു.പിന്നീട് ലൗകികജീവിതത്തിൽ മുഴുകി ജീവിച്ചു.ഇതിലൊക്കെ അദ്ദേഹം ധാരാളം കഷ്ടതകളും സന്തോഷങ്ങളും അനുഭവിച്ചു.പിന്നീട് അദ്ദേഹം ഒരു കടത്തുകാരനായി. ഓരോചോദ്യത്തിനും ജീവിതത്തിൽ നിന്ന് തന്നെ ഉത്തരം ലഭിക്കുമെന്ന് ഈനോവൽ നമുക്ക് മനസ്സിലാക്കിത്തരുന്നു


സിൽന.വി

9 d